പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ് കേരളയുടെ പ്രവർത്തനങ്ങൾ

135 (3344) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീപ്പിൾസ് ആക്ഷൻ ഫോർ ഡവലപ്മെന്റ് കേരളയുടെ ഗവേണിംഗ് ബോഡിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ;

(ബി) ഈ സംഘടനയുടെ പ്രവർത്തനോദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

(സി) പാഡ്-കെ മുഖേന കഴിഞ്ഞ വർഷം എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നേടി സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പീപ്പിൾസ് ആക്ഷൻ ഫോർ ഡവല്പ്മെന്റ് കേരളയുടെ ഗവേണിംഗ് ബോഡിയിൽ 9 അംഗങ്ങളും 6 പ്രത്യേക ക്ഷണിതാക്കളും ഉണ്ട്.

(ബി) കേരളത്തിലെ സന്നദ്ധ സംഘടനകളെ ഗ്രാമവികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ച് അവർക്ക് വഴികാട്ടിയും ഉപദേഷ്ടാവും സഹായിയുമായി പാഡ് (കേരള) പ്രവർത്തിക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന 'കപ്പാർട്ടിന്റെ' മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമവികസന പദ്ധതികൾ തയ്യാറാക്കുന്നതിന് സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിച്ച് ഗ്രാമീണ മേഖലയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രാപ്തരാക്കുന്നു. ഇവയാണ് പാഡ് (കേരള)യുടെ മുഖ്യലക്ഷ്യം.

(സി) ലഭ്യമായ കണക്കനുസരിച്ച് 24 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തരപ്രമേയം

എസ്.എസ്.എൽ.സി. ചോദ്യക്കടലാസ് ചോർച്ച

മി. സ്പീക്കർ : ചോദ്യക്കടലാസ് ചോർന്നതിനെത്തുടർന്ന് ആറ് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ ഉത്തരം എഴുതേണ്ട ഇന്നത്തെ എസ്.എസ്.എൽ.സി. സാമൂഹ്യശാസ്ത്രം പരീക്ഷ മാറ്റിവച്ചിരിക്കുന്നതുമൂലം ഇതിന് മുമ്പ് നടന്ന പരീക്ഷകളുടേയും ചോദ്യപേപ്പർ ചോർന്നതായി സംശയം ബലപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളും രക്ഷകർത്താക്കളും മൊടങ്ങും പരിഭ്രാന്തിയിലായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോക്ടർ ടി. എം. തോമസ് ഐസക്, സർവ്വശ്രീ. പി. എസ്. സുപാൽ, സി. കെ നാണു, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, എ. എ. അസീസ് ഡോക്ടർ കെ. സി. ജോസഫ്., എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇന്ന് നടക്കേണ്ടിയിരുന്ന എസ്.എസ്.എൽ.സി. സോഷ്യൽ സയൻസ് രണ്ടാം പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്നതായിട്ടുള്ള വിവരം ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. കേരള കൗമുദി പത്രത്തിൽനിന്നും ചോദ്യപേപ്പറിന്റെ മാതൃക കിട്ടിയപ്പോൾ ഗവൺമെന്റ് സ്വയമേവ അതിനെ സംബന്ധിച്ച് അന്വേഷണം നടത്തി. സാധാരണ പരീക്ഷ തുടങ്ങുന്നതിന് ഏതാനും മണിക്കൂർ മുമ്പ് ലീക്കാകുന്ന ചോദ്യക്കടലാസ് പ്രവഹിക്കും. പരീക്ഷാപേപ്പർ ചോർന്നു എന്ന കാര്യം കേരള കൗമുദിയിൽനിന്നും റിപ്പോർട്ട് കിട്ടിയ ഉടനെ തന്നെ പരീക്ഷ നിർത്തിവച്ചുകൊണ്ട് ഉത്തരവ് കൊടുത്തു. എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത നിലനിൽക്കണമെന്ന് ഗവൺമെന്റിന് നിർബ്ബന്ധമുള്ളതുകൊണ്ടാണ് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ അങ്ങനെയൊരു നടപടി ഗവണ്മെന്റ് എടുത്തിട്ടുള്ളത്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ മനസ്സിലാക്കാൻ ആർക്കും പ്രയാസമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കഴിഞ്ഞ ഒൻപതാം തീയതി മുതൽ ഇരുപത്തിയൊൻപതാം തീയതി വരെയാണ് എസ്.എസ്.എൽ.സി. പരീക്ഷ ഷെഡ്യൂൾ ചെയ്തിരുന്നത്. അതിൽ മലയാളം ഒന്നാം പേപ്പറും രണ്ടാം പേപ്പറും ഇംഗ്ലീഷ് ഒന്നും രണ്ടും പേപ്പറുകൾ, കണക്ക് ഒന്നും രണ്ടും പേപ്പറുകൾ, ഹിന്ദി, സോഷ്യൽ സയൻസ് ഒന്നാം പേപ്പർ എന്നിവ തൃപ്തികരമായി പരീക്ഷ നടന്നു. ഒരു പരാതിയും ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല കേരളത്തിലെ പത്രങ്ങളെല്ലാം തന്നെ ഓരോ ദിവസവും പരീക്ഷ കഴിഞ്ഞതിനുശേഷം കുട്ടികളോടും സബ്ജക്ട് എക്സ്പെർട്ട്സിനോടും ചർച്ച ചെയ്ത് പരീക്ഷകൾ എങ്ങനെയായിരുന്നു എന്ന വാർത്തകൾ നമ്മുടെ രാജ്യത്ത് കൊണ്ടുവന്ന കാര്യം നമുക്കെല്ലാം അറിയാം. ഇതുവരെ പരീക്ഷ തൃപ്തികരമായി നടത്താൻ കഴിഞ്ഞതിൽ എല്ലാവർക്കും സന്തോഷം ഉള്ളതാണ്. ഇത് ഗവൺമെന്റിന്റെ മാത്രം കാര്യമല്ല. എല്ലാവരുടേയും സഹകരണത്തോടുകൂടി വാർത്താ മാദ്ധ്യമങ്ങളുടേയും അക്കാഡമിക് സമൂഹത്തിന്റേയും മൊത്തം താൽപര്യമാണ് ഇക്കാര്യത്തിൽ ചെയ്യാൻ സാധിച്ചത്. അക്കാര്യത്തിൽ പരാതി ഇല്ലാത്തവിധം ചെയ്തു. ഈ പരീക്ഷയുടെ പ്രശ്നം വന്ന സമയത്ത് ചില കിംവദന്തികൾ പ്രചരിക്കാൻ തുടങ്ങിയപ്പോൾ ഗവൺമെന്റ് അതിനെ ലൈറ്റായിട്ടെടുത്തില്ല. വളരെ ഗൗരവമായിട്ടെടുത്തു. മൊബൈലിലൂടെയും മറ്റും ചോദ്യം വന്നേക്കാമെന്ന വാർത്ത വന്ന ഉടനെതന്നെ ഗവൺമെന്റ് അത്തരം വാർത്തയുടെ ഉറവിടം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസ് വകുപ്പിന് അതിന്റെ റിക്വസ്റ്റ് കൊടുത്തു. അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ചോദ്യക്കടലാസ് ചോർന്നു എന്ന വാർത്ത കിട്ടിയ ഉടനെ തന്നെ കേരള കൗമുദി ആത്മാർത്ഥമായി ഞങ്ങൾക്ക് റിപ്പോർട്ട് ചെയ്തു. ഞങ്ങൾ ഉടനെതന്നെ ചോദ്യം തയ്യാറാക്കിയ സെന്ററിൽ വിളിച്ചു ചോദിച്ചപ്പോൾ അതേ ചോദ്യങ്ങൾ തന്നെയാണെന്ന് ബോദ്ധ്യംവന്നു. ഉടനെ തന്നെ അത് നിർത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ പരീക്ഷ നിർത്തിയത്. ഷെഡ്യൂൾ ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം തീയതിയിലെ പരീക്ഷ കഴിഞ്ഞ് ഇന്നും നാളെയും മറ്റന്നാളുമുള്ള പരീക്ഷ കഴിഞ്ഞാൽ പിന്നെ ഹോളിഡേ വച്ചുകൊണ്ടാണ് ഷെഡ്യൂൾ ചെയ്തിട്ടുള്ളത്. അതുപ്രകാരം അടുത്ത പരീക്ഷ നടക്കേണ്ട തീയതി ഇരുപത്തിയെട്ടാണ്. ഇന്ന് നടക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ചയുടെ, വസ്തുതയുടെ അടിസ്ഥാനത്തിൽ യാതൊരു വിധത്തിലുള്ള പ്രശ്നങ്ങളും ഉണ്ടാകരുതെന്നും അതിന്റെ ക്രെഡിബിലിറ്റിക്ക് യാതൊരു ദോഷവും ഉണ്ടാകരുതെന്നും കരുതിക്കൊണ്ട് ഇന്നത്തെ പരീക്ഷ നിർത്തി എന്ന് മാത്രമല്ല എവിടെയാണ് ചോർച്ച നടന്നിട്ടുള്ളത്, നാളെയും മറ്റന്നാളുമുള്ള പരീക്ഷയിൽ വല്ല ലീക്കേജും സംഭവിച്ചോ എന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതാണ്. അതിന് വ്യക്തമായ നടപടികൾ എടുക്കേണ്ടതുണ്ട്. ഒന്നും സംഭവിച്ചിട്ടില്ലെങ്കിൽപ്പോലും സംശയത്തിന് ഇടനൽകരുതെന്ന് ആഗ്രഹിച്ചുകൊണ്ട് നാളെയും മറ്റന്നാളുമുള്ള പരീക്ഷകൾകൂടി നിർത്തി. എവിടെയെങ്കിലും ലീക്കേജുണ്ടായിട്ടുണ്ടെങ്കിൽ ഏത് സമയത്ത് എങ്ങനെ സംഭവിച്ചു എന്ന് നോക്കി പെർഫെക്ടായിട്ടുതന്നെ പരീക്ഷ നടത്തും. ഇതുവരെ നടന്ന പരീക്ഷകളിൽ കുഴപ്പമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഇന്നും നാളെയും മറ്റന്നാളുമുള്ള പരീക്ഷകൾകൂടി റീ-ഷെഡ്യൂൾ ചെയ്യേണ്ടിവരും. നാലാം തീയതിയാണ് വാല്യുവേഷൻ ക്യാമ്പ്. ഇരുപത്തിയേഴാം തീയതിയാണ് റിസൾട്ട് വരുന്നത്. ഇതിന് ദോഷമില്ലാത്ത രീതിയിൽ യഥാസമയം റിസൾട്ട് വരുന്നതിന് ഇനിയുള്ള പരീക്ഷകൾക്ക് റീ-ഷെഡ്യൂൾ ആവശ്യമായിട്ട് വരും. അത് എങ്ങനെയാണെന്ന് വച്ചാൽ ബന്ധപ്പെട്ടവരുമായി സംസാരിച്ച് തീരുമാനം പറയാം. ഏതായാലും നാളെയും മറ്റന്നാളുമുള്ള പരീക്ഷകൾകൂടി മാറ്റിയിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ, വ്യക്തമായ അന്വേഷണത്തിന് ആഗ്രഹിക്കുകയാണ്. വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്. അതുകൂടാതെ പോലീസ് തലത്തിലും ഉന്നതമായ അന്വേഷണം നടക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സംബന്ധിച്ച് ഇവിടെ പറയുമായിരിക്കും. ഗവണ്മെന്റ് ഇക്കാര്യത്തെ ഗൗരവബുദ്ധിയോടെ കാണുകയാണ്. അങ്കലാപ്പിന്റെ പ്രശ്നമില്ല. എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രെഡിബിലിറ്റിക്ക് ദോഷം വരില്ല. ലീക്കേജ് വന്നെന്ന് മനസ്സിലായ ഉടനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ലീക്കേജുണ്ടായെന്ന് നോക്കുന്നുണ്ട്. തുടർന്നുള്ള പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതും സമയത്തിനുതന്നെ റിസൾട്ട് വരുത്തുകയും സമയത്തിനുതന്നെ വാല്യുവേഷൻ ക്യാമ്പ് നടത്തി അതനുസരിച്ച് റീ-ഷെഡ്യൂൾ നടത്താനും ഗവൺമെന്റ് ഉടനെതന്നെ നടപടി സ്വീകരിക്കും. ആശങ്കയുടെ കാര്യമില്ല. എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യതയ്ക്ക് യാതൊരു കോട്ടവും പറ്റാതെ ഗവണ്മെന്റ് തീർച്ചയായും അത് ഉറപ്പുവരുത്താനാണ് ആഗ്രഹിക്കുന്നത്. ഞങ്ങൾ ഇതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതിനാവശ്യമായ നടപടിയെടുക്കുമെന്ന് ഗവണ്മെന്റ് തീരുമാനിക്കുകയും ചെയ്തു. അതുകൊണ്ട് ഇക്കാര്യത്തിൽ നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡോ. ടി എം. തോമസ് ഐസക്: സർ, കേരളത്തിലെ ആറ് ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികളുടെ മേൽ നിഴൽ വീഴ്ത്തിയ, ലക്ഷക്കണക്കിന് വരുന്ന രക്ഷകർത്താക്കളെ പരിഭ്രാന്തിയിലാക്കിയ നമ്മുടെ എസ്.എസ്.എൽ.സി. പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ ആകെ തകർത്ത ഈ സംഭവത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നുള്ള സർക്കാരിന്റെ നിലപാട് അത്യന്തം ദൗർഭാഗ്യകരമാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മറുപടി ഈ പ്രശ്നത്തിൽ, പരീക്ഷാ നടത്തിപ്പിൽ സർക്കാർ ഇതുവരെ പിൻതുടർന്നുവന്ന അലംഭാവം, ഉദാസീന നയം ഇപ്പോഴും തുടരുന്നു എന്നുള്ളതിന് തെളിവാണ്. ഇന്നത്തെ സ്ഥിതിവിശേഷം യഥാർത്ഥത്തിൽ മനസ്സിലാക്കുന്നതിനു വേണ്ടി അദ്ദേഹം നിർദ്ദേശിച്ച നടപടികൾ ഞങ്ങൾക്ക് സ്വീകാര്യവുമല്ല.

സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ മാർച്ച് 9-ന് തുടങ്ങിയ പരീക്ഷകൾ 29-ാം തീയതി തീരേണ്ടതാണ്. ഈ പരീക്ഷകൾക്ക് ഒരു പ്രാധാന്യമുണ്ട്. പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തിലുള്ള ആദ്യവട്ടം പരീക്ഷയാണ്. ഈ ഗ്രേഡിംഗ് സമ്പ്രദായത്തിലൂടെ 4,75,000 കുട്ടികൾ പരീക്ഷയെഴുതുന്നു. പഴയ സ്കീമിലൂടെ 1,12,000 പേർ പരീക്ഷയെഴുതുന്നു. അങ്ങനെ ആറ് ലക്ഷം പേർ പരീക്ഷയെഴുതുന്നു. ഇപ്പോൾ ഇതിനകം ഒന്നാം ഭാഷയുടെ പരീക്ഷകളായ ഇംഗ്ലീഷ്, ഹിന്ദി, ഗണിതശാസ്ത്രത്തിന്റെ പരീക്ഷകൾ, സാമൂഹ്യശാസ്ത്രത്തിന്റെ ഒന്നാം ഭാഗം എന്നീ പരീക്ഷകൾ നടന്നുകഴിഞ്ഞു. അപ്പോഴാണ് ഇന്ന് നടക്കേണ്ട എസ്.എസ്.എൽ.സി പരീക്ഷയുടെ സാമൂഹ്യശാസ്ത്രം പാർട്ട് 2-ന്റെ ചോദ്യപേപ്പർ ചോർന്നത് സംശയരഹിതമായി തെളിഞ്ഞത്. അത് സർക്കാർ അന്വേഷിച്ച് കണ്ടുപിടിച്ചതാണെന്നുള്ള നാട്യമൊന്നും വേണ്ട. പരീക്ഷ തുടങ്ങിയതുമുതൽ ഇതുസംബന്ധിച്ചുള്ള ഊഹാപോഹങ്ങൾ, ആരോപണങ്ങൾ സർക്കാരിന്റെ മുന്നിൽ ഉയർന്നുവന്നു. സാമൂഹ്യശാസ്ത്രം പരീക്ഷയുടെ ഒന്നാം ഭാഗം പരീക്ഷ നടന്ന ദിവസം ഈ പരീക്ഷയിൽ വരാൻ സാദ്ധ്യതയുള്ള ചോദ്യങ്ങൾ എന്നുപറഞ്ഞ് നാട്ടിൽ പ്രചരിച്ചുകൊണ്ടിരുന്ന ചോദ്യപേപ്പറിൽ ചിലത് കേരളകൗമുദി പത്രത്തിൽ തന്നെ പ്രസിദ്ധീകരിച്ചില്ലേ? അത് ശരിയാണെന്ന് തെളിഞ്ഞില്ലേ? അവർ പ്രസിദ്ധീകരിച്ച ചോദ്യങ്ങളെല്ലാം വെള്ളിയാഴ്ച നടന്ന പരീക്ഷയിൽ വന്നു എന്നത് തെളിഞ്ഞ കാര്യമല്ലേ? ഇന്ന് പത്രത്തിൽ എന്താണ് കാണുന്നത്? ഇന്ന് പറയുന്നത്, ആദ്യത്തെ രണ്ട് പരീക്ഷ കഴിഞ്ഞുള്ള പരീക്ഷകളിലെല്ലാം ഇതുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ആശങ്കകൾ നാട്ടിൽ പ്രചരിച്ചിരുന്നു. 17-ാം തീയതി ഒരു രക്ഷകർത്താവ് എന്നെ വിളിച്ചു പറഞ്ഞു, കണക്ക് പരീക്ഷയുടെ ചോദ്യമെന്ന് പറഞ്ഞ് നാട്ടിൽ പ്രചരിച്ച കടലാസിലെ ചോദ്യങ്ങൾ യഥാർത്ഥത്തിലുള്ള ചോദ്യങ്ങളായിരുന്നു. വെള്ളിയാഴ്ച സഭയിൽ ഞാൻ ഇല്ലാത്തതുകൊണ്ട് ശ്രീ. എം. വി. ജയരാജനെ ഫോൺ ചെയ്ത് പറഞ്ഞു, ഇങ്ങനെയൊരു പ്രശ്നമുണ്ട്, ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തണമെന്ന്. ശ്രീ. എം. വി. ജയരാജൻ, എം.എൽ.എ അങ്ങയുടെ ഓഫീസിൽ വിളിച്ചു. മന്ത്രിയെ ബന്ധപ്പെടാൻ കഴിയാത്തതുകൊണ്ടാണ്, പക്ഷേ നാട്ടിൽ ഇങ്ങനെയൊരു പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്, അങ്ങനെയെന്തെങ്കിലും നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് ചോദിച്ചില്ലേ? ഈ പ്രശ്നങ്ങളെല്ലാം ഉയർന്നു വരുമ്പോൾ അങ്ങ് എടുത്ത നിലപാട് എന്താണ്? സർക്കാരിന്റെ സമീപനം എന്തായിരുന്നു? തുടർച്ചയായി നിഷേധിക്കുകയായിരുന്നു. എവിടെ തുടങ്ങിയതാണ്? ഈ വർഷത്തെ പരീക്ഷയുടെ മിഡ് ടേം എക്സാമിന്റെ പരീക്ഷ പേപ്പർ ചോർന്നില്ലേ? ആക്ഷേപം ഉയർന്നില്ലേ? ആക്ഷേപം ഉയർന്നപ്പോൾ അങ്ങ് സ്വീകരിച്ച നിലപാടെന്താണ്? എന്നാൽ മിഡ് ടേം എക്സാമിന്റെ മാർക്ക് continuing valuation-ന് പരിഗണിക്കേണ്ടതില്ലെന്ന സമീപനമല്ലേ കൈക്കൊണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഈ സെഷൻ ആരംഭിച്ചതിനുശേഷം നിയമസഭാ സാമാജികർ മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിന്റെ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി. മുറുക്കാൻ കടകളിൽ പോലും അത് പണം നൽകി വാങ്ങാവുന്ന നിലയിലേക്ക് മാറി എന്ന് പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞു, അത് മോഡൽ പരീക്ഷ മാത്രമാണ്, അത് ഗൗരവത്തിൽ എടുക്കേണ്ടതില്ല അതിനെ കുറിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞു. അന്വേഷിച്ചോ? എന്തെങ്കിലും കണ്ടുപിടിച്ചോ? പരീക്ഷ തുടങ്ങിയതിന് ശേഷം ഇങ്ങനെയുള്ള ആക്ഷേപങ്ങൾ പത്രത്തിൽ വന്നു. ശ്രീ. എം. വി. ജയരാജൻ, എം.എൽ.എ. അടക്കം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തി. ഇന്നുകാലത്തും ഇന്നലെ കാലത്തും പോലും അങ്ങയുടെ പ്രസ്താവന എന്താണ്? ചിലയാളുകൾ ഇത് അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്, വ്യാജ പ്രചരണം നടത്തുന്നുണ്ട്. വ്യാജ ചോദ്യപേപ്പറിനെതിരായിട്ട് ജാഗ്രത പുലർത്തണം എന്നല്ലേ വിദ്യാഭ്യാസ മന്ത്രിയായ അങ്ങ് ചെയ്തത്? യഥാർത്ഥത്തിൽ ഇവിടെയുണ്ടായിരുന്ന ആക്ഷേപങ്ങൾ കണക്കിലെടുത്തുകൊണ്ട്, ഈ നിയമസഭയിൽ വന്ന ആക്ഷേപങ്ങൾ കണക്കിലെടുത്തുകൊണ്ട് പരീക്ഷ സമ്പ്രദായം കുറ്റമറ്റതാക്കി തീർക്കുന്നതിന് അങ്ങ് ശ്രമിച്ചോ? അങ്ങേക്ക് അറിയാവുന്നതുപോലെ, ഈ നാട്ടിലെ മൂന്നുവൻ പേർക്കും അറിയാവുന്നതുപോലെ ഈ പരീക്ഷ അട്ടിമറിക്കുന്നതിന് താൽപ്പര്യമുള്ള ശക്തികൾ ഈ നാട്ടിലുണ്ട്. ആരാണ് അവർ? വെറും പണത്തിന് വേണ്ടി ചോദ്യപേപ്പർ വിൽക്കുന്നവരല്ല. അങ്ങനെയായിരുന്നുവെങ്കിൽ ഇത്തരത്തിൽ പ്രചാരം നൽകില്ല. ആരാണ് അവർ? നിങ്ങളുടെ മാനസപുത്രൻമാരായിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകൾ, ഇവിടത്തെ ഗൈഡ് പുസ്തക എഴുത്തുകാർ, പ്രസിദ്ധീകരണക്കാർ. കാരണമെന്താണ്? അൺ-എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാനമെന്ന് പറയുന്നത് അവരുടെ മികവ് എന്നുപറയുന്നത്, മനഃപാഠത്തെ അടിസ്ഥാനമാക്കിയുള്ള പരീക്ഷ സമ്പ്രദായമായിരുന്നു. അതിന്റെ അടിസ്ഥാന ത്തിലാണ് ഏറ്റവും മിടുക്കൻമാരെ മാത്രം എടുത്തുകൊണ്ട് 100% വിജയം കൊയ്തുകൊണ്ടിരുന്നത്. ആ സ്ഥിതിവിശേഷം ഇല്ലാതാവുകയാണ്. മുൻവർഷങ്ങളിലെപ്പോലെ ഗൈഡ് പ്രസിദ്ധീകരണശാലക്കാർ ....(ബഹളം).....ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ വർഷവും ഗൈഡ് പ്രസിദ്ധീകരണശാലക്കാർ ഗൈഡുകൾ ഇറക്കി മോഡൽ ചോദ്യങ്ങൾ ഇറക്കി. ഒന്നുപോലും ചോദ്യപേപ്പറിലില്ല. ഇങ്ങനെ അട്ടിമറിക്കാൻ താൽപ്പര്യമുള്ളവരുണ്ട് എന്ന് മനസ്സിലാക്കി അതിനനുസൃതമായി പരീക്ഷ സമ്പ്രദായത്തിൽ അങ്ങ് മാറ്റങ്ങൾ വരുത്തിയത് ശരിയായോ? പരീക്ഷാഭവന്റെ സ്ഥിതി എന്താണ്? നിങ്ങളുടെ ഭരണത്തിൽ പരീക്ഷാഭവനിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം കൂടി. അവരല്ലേ രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ ചെയ്യുന്നത്, പരിശോധിക്കുന്നത്? കഴിഞ്ഞ വർഷം ഈ നിയമസഭയിൽ കോളിളക്കം സൃഷ്ടിച്ച ഒരു പ്രശ്നമുണ്ടായിരുന്നില്ലേ? കൊയിലാണ്ടിയിലെ പരീക്ഷ കേന്ദ്രത്തിലെ ചോദ്യപേപ്പർ ലീഗ് ഓഫീസിൽ നിന്ന് എടുക്കുന്ന കാര്യം. ഇന്ന് പത്രത്തിലുണ്ട്. ഈ സംഭവങ്ങൾ വെളിച്ചത്തിൽ വന്നതിനുശേഷം എന്ത് നടപടി സ്വീകരിക്കണമെന്ന് ചർച്ച ചെയ്യാൻ വേണ്ടി ഉദ്യോഗസ്ഥൻമാരുടെ യോഗം ചേർന്നപ്പോൾ ആ യോഗത്തിൽ ഉദ്യോഗസ്ഥൻമാരല്ലാത്ത, ഔദ്യോഗിക സ്വഭാവമില്ലാത്ത നിങ്ങളുടെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്തു എന്ന് പത്രത്തിൽ വന്നില്ലേ? അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമെന്താണ്? അങ്ങ് പറയുന്നത്, ഇതുവരെ നടന്ന പരീക്ഷകൾ സുരക്ഷിതമാണെന്നാണ്. അങ്ങനെയാണോ പത്രത്തിൽ വന്നത്? ഉറപ്പ് നൽകാൻ പറ്റുമോ? ഇനിയുള്ള പരീക്ഷകളെ സംബന്ധിച്ച് അങ്ങയുടെ അന്വേഷണത്തിന്റെ കുന്തമുന എവിടെയാണ്? അങ്ങയുടെ അന്വേഷണത്തിന്റെ കുന്തമുന സ്കൂളുകളിൽ കൃത്യസമയത്ത് ചോദ്യപേപ്പർ എത്തിച്ചോ; അവിടെ ചരട് പൊട്ടിച്ചോ ഇല്ലയോ എന്ന് പരിശോധിക്കാനാണ്. അതിനുവേണ്ടി എല്ലാ ഔദ്യോഗിക കേന്ദ്രങ്ങളിലും ചോദ്യപേപ്പർ എത്തിക്കാൻ പറഞ്ഞിരിക്കുകയാണ്. ഗൾഫിലേക്ക് അയച്ച ചോദ്യപേപ്പറുകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് എന്തുറപ്പ് ഈ സഭയ്ക്ക് അങ്ങേക്ക് നൽകാൻ പറ്റും? ഗൗരവമായ പ്രശ്നങ്ങൾ, നമ്മുടെ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ടുകൊണ്ട്, പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സംഭവത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് പരിഹാരം അങ്ങ് പറഞ്ഞതുപോലെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതല്ല, ഉദ്യോഗസ്ഥൻമാർക്ക് ഇതിൽ ഒരു ചുമതലയുണ്ട്. അവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ ഫലമായി കൂടിയാണ് ഈ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. അവരെക്കൊണ്ട് അന്വേഷിപ്പിച്ചാൽ എങ്ങനെ ശരിയാകും? അൺ-എയ്ഡഡ് സ്കൂളുകൾ പരീക്ഷയോട് എടുത്ത സമീപനത്തെക്കുറിച്ച്, ഗൈഡ് പുസ്തക എഴുത്തുകാർ സ്വീകരിച്ച നിലപാടിനെക്കുറിച്ച്, പരീക്ഷ അട്ടിമറിക്കുന്നതിന് എടുത്ത സമീപനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് പോലീസിന് കഴിയുമോ? അതുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം കൂടിയേ തീരൂ. പക്ഷേ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങ് വളരെ മാന്യമായ ഒരു നിലപാട് സഭയിലും പുറത്തും സ്വീകരിക്കുന്ന ആളാണ്. അങ്ങയുടെ ഇവിടത്തെ സംഭാഷണങ്ങളിലും ചർച്ചകളിലുമെല്ലാം അത് പ്രകടമാണ്. ഇതുപോലൊരു സംഭവം നടന്നിട്ട് അതിനോടുള്ള പ്രതികരണത്തിൽ എന്തുകൊണ്ടാണ് നമ്മുടെ നാട്ടിൽ, ഇവിടത്തെ പാർലമെന്ററി സമ്പ്രദായത്തിൽ അംഗീകരിച്ചിട്ടുള്ള മാന്യമായ ഒരു പ്രതികരണം അങ്ങയുടെ ഭാഗത്തു നിന്നുണ്ടായില്ല? ഇതിന്റെ ധാർമ്മികമായ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് എന്തുകൊണ്ട് അങ്ങ് മന്ത്രിസ്ഥാനം രാജിവയ്ക്കാൻ തയ്യാറാകുന്നില്ല എന്നാണ് ചോദിക്കാനുള്ളത്? നിയമസഭ നിർത്തിവച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ സ്ഥാനത്ത് തുടരാനുള്ള അർഹതയെക്കുറിച്ചും ഏത് രീതിയിലുള്ള അന്വേഷണമാണ് നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ ആവശ്യം എന്നതിനെക്കുറിച്ചും നടന്ന പരീക്ഷയുടെയും നടക്കാനിരിക്കുന്ന പരീക്ഷകളുടെയും നിജസ്ഥിതിയെ കുറിച്ചും ചർച്ച ചെയ്യണം. അതിനായി സഭ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളുടെ ഉദ്ദേശശുദ്ധിയെ ഞാൻ സംശയിക്കുന്നില്ല. അദ്ദേഹം പരിചിതനായ ഒരു അംഗമാണ്. ഗവൺമെന്റിന് അക്കാര്യത്തിൽ യാതൊന്നും മറച്ചുവയ്ക്കാനില്ല. അതിനെ രാഷ്ട്രീയവൽക്കരിക്കേണ്ട കാര്യമില്ല. എന്റെ കാര്യമോ മന്ത്രി സ്ഥാനത്ത് തുടരുന്ന കാര്യമോ അല്ല. വസ്തുത വസ്തുതയായിട്ട് നമ്മൾ വിലയിരുത്തു

LIBRARY ARCHIVES Kerala Legislative Assembly

കയാണെങ്കിൽ നമ്മളെല്ലാവരും ഈ രാജ്യത്ത് ജീവിക്കുന്ന ആളുകളാണ്. ഇതുവരെ നടന്ന പരീക്ഷയെക്കുറിച്ച് ഒരു വാക്ക് എതിരായിട്ട് ഇന്നുവരെ വന്നിട്ടില്ല. നടന്ന എല്ലാ പരീക്ഷയെക്കുറിച്ചും നമ്മൾ ഇവിടെ ചെയ്യുന്നതുപോലെ തന്നെ നല്ലൊരു വർക്കാണ് ഇവിടത്തെ വാർത്താ മാധ്യമങ്ങൾ തലനാരിഴ കീറി ചെയ്തത്. ഓരോ ദിവസവും നടന്ന പരീക്ഷയെക്കുറിച്ച് ഞാനിവിടെ പറഞ്ഞതുപോലെ തലേനാളത്തെ പരീക്ഷയിൽ എന്തുണ്ട്, എങ്ങനെ നടന്നു എന്നതിനെക്കുറിച്ച് എല്ലാ പത്രങ്ങളും സ്ഥിരമായി കോളം ചെയ്തുകൊണ്ടിരിക്കുകയാണ്. പിന്നെ നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം, ലീക്കേജ് യഥാർത്ഥത്തിൽ കഴിഞ്ഞകാല പരീക്ഷയിൽ ഉണ്ടായിട്ടുണ്ടെങ്കിൽ വെറുതെ നിൽക്കാനാകുമോ; രഹസ്യമായി വയ്ക്കാനാകുമോ? രഹസ്യമായി വയ്ക്കാനാകില്ല. എല്ലാവരും അറിഞ്ഞിരിക്കണം. തീർച്ചയായും കഴിഞ്ഞ പരീക്ഷയുടെ കാര്യത്തിൽ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല. പെർഫെക്ടായിട്ട് നടന്നിട്ടുണ്ട്. ഗവൺമെന്റിന് ഉത്തമമായ ബോധ്യമുണ്ട്. ഈ രാജ്യത്ത് അതിനെക്കുറിച്ച് ഒരു പരാതിയും ഉണ്ടായിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ ഒരു കാര്യമുണ്ട് എന്താണ് ? മൊബൈൽ ഫോണുകളിൽ ഇന്ന ചോദ്യം ഉണ്ടാകുമെന്നു വന്നു. അതു ചില പത്രങ്ങളിൽ വന്നു. ആ ചോദ്യങ്ങൾ ചോദിച്ചില്ലേ ? അതാണ് അദ്ദേഹം പറഞ്ഞ ഒരു തെളിവ്. നിങ്ങൾക്ക് എല്ലാവർക്കും അറിയാം, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്നതിനുമുമ്പ് മോഡൽ എക്സാമിനേഷൻ നടത്തും. എന്തിനാണ് ? ഈ ചോദ്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടാനാണ്. പിന്നെ നടക്കുന്ന എക്സാമിനേഷനിൽ ഈ മോഡൽ എക്സാമിനേഷന്റെ ചോദ്യങ്ങൾ വന്നേക്കാം, വരാതിരിക്കാം. അത് സ്വാഭാവികമാണ്. അപ്പോൾ എങ്ങനെയായിരിക്കും ചോദ്യങ്ങൾ എന്നു മോഡൽ എക്സാമിനേഷനിലുണ്ട്. പോരാത്തതിനോ ചോദ്യങ്ങൾ എങ്ങനെയാകുമെന്നു ചോദ്യ ബാങ്ക് ഞങ്ങൾ കൊടുത്തിട്ടുമുണ്ട്. 'പടവുകൾ' സി.ഡി.-യായിട്ട് കൊടുത്തിട്ടുണ്ട്. ബുക്കായിട്ട് കൊടുത്തിട്ടുണ്ട്. അപ്പോൾ ഇതിൽ വന്നിട്ടുള്ള ചോദ്യം വന്നേക്കാം. ഒരാൾ ഇമേജിൻ ചെയ്തേക്കാം. ഇന്നയിന്ന ചോദ്യങ്ങൾ വരുമെന്ന്. അദ്ദേഹം പറഞ്ഞ കാര്യം തന്നെ ഞാൻ ഇവിടെ കാട്ട് ചെയ്യുകയാണ്. നിങ്ങൾക്കെല്ലാം കൂടുതൽ അറിയാം എന്നുള്ള നിലയ്ക്ക് അദ്ദേഹം പറഞ്ഞത് ഹിസ്റ്ററിയിൽ വന്നേക്കാവുന്ന ചോദ്യത്തെ കുറിച്ച് മൊബൈൽ ഫോണിൽ വന്ന ഒരു വാർത്ത കേരള കൗമുദിയിൽ വന്നു. അത് പരീക്ഷയ്ക്ക് വന്നു എന്നത് ശരിയാണ്. എന്താണ് അവർ പറഞ്ഞത്. ഇന്നയിന്ന ചോദ്യങ്ങൾ വന്നേക്കാം. സൂയസ് കനാൽ, ഫാസിസം, വികസന രാജ്യങ്ങളിൽ ആഗോളവൽക്കരണം സൃഷ്ടിച്ച പ്രശ്നങ്ങൾ, ലോകമഹായുദ്ധത്തിനു ശേഷം കോളനികൾ ഇതൊക്കെയാണ് ചരിത്രം പഠിച്ച ആളുകളാണ് അപ്പുറത്തുള്ളത്. ഡോക്ടർ തോമസ് ഐസക്കിനെപ്പോലെ ആഗോളതലത്തിൽ ലോകത്തു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ കുറിച്ച് മിക്ക ആളുകളും സെമിനാറുകളിലും സംസാരിക്കുന്നതാണ്. ചരിത്രത്തെപ്പറ്റി ഒരു ചോദ്യത്തിൽ ലോകമഹായുദ്ധത്തെക്കുറിച്ച് ചോദ്യം വരുമെന്നു ഒരാൾ പ്രവചിച്ചാൽ അത് പരീക്ഷയിൽ വന്നാൽ എന്താണ് അത്ഭുതം ? ലോക ചരിത്രം മാറ്റിയ ഒരു സംഭവമാണ് ലോക മഹായുദ്ധം. ലോക മഹായുദ്ധത്തെക്കുറിച്ച് ഒരു ചോദ്യം

LIBRARY ARCHIVES Kerala Legislative Assembly

വരുമെന്നു ഒരാൾ പ്രവചിച്ചു. മൊബൈൽ ഫോണിൽ അടിച്ചു. ചോദ്യം വന്നത് രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചാണ്. ആഗോളവൽക്കരണം ലോകത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റി ചരിത്രത്തിൽ ഒരു പഠം വന്നു എന്നിരിക്കട്ടെ, എന്താണ് അത്ഭുതമുള്ളത്. Guess-ന്റെ അടിസ്ഥാനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. നിങ്ങൾ ചോദിച്ചുക്കാം guess-ന്റെ അടിസ്ഥാനത്തിൽ. നിങ്ങൾക്ക് എല്ലാം വായിച്ചാൽ മനസിലാകും. ഈ ചോദ്യം. ഒരു ചരിത്ര ചോദ്യം വരാവുന്നവ മാത്രമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മോഡൽ എക്സാമിനേഷന്റെ ചോദ്യമുണ്ട്. അതിനുപുറമേ ഞങ്ങൾ കൊടുത്തിട്ടുള്ള 'പടവുകൾ' ചോദ്യമുണ്ട്. guess-ന്റ അടിസ്ഥാനത്തിൽ വന്നുയെന്നല്ലാതെ ഒരാളും ഒരു പരാതിയും പറഞ്ഞിട്ടില്ല. ശ്രീ. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ശ്രീ. എം. വി. ജയരാജൻ എന്നോട് വന്നിട്ട് മറ്റ് ഒരു പരാതിയും പറഞ്ഞിട്ടില്ല. ശ്രീ. ജയരാജൻ എന്റെ മുഖത്തു നോക്കി പറയട്ടെ. എന്നോട് അദ്ദേഹം പറഞ്ഞിട്ടില്ല. ഇനി അദ്ദേഹം മനസിൽ വച്ചോയെന്നറിയില്ല. മാത്രമല്ല, ഞാൻ അദ്ദേഹത്തെ വെള്ളിയാഴ്ച കണ്ടിരുന്നതാണല്ലോ. പോകുന്ന സമയത്ത് ഞാനും അദ്ദേഹവുമായി സംസാരിച്ചല്ലോ. എന്നിട്ട് അദ്ദേഹം എന്നോട് പറഞ്ഞില്ലല്ലോ? ഞാൻ പറയുന്നത് ഇങ്ങനെയൊക്കെ ആണെങ്കിൽപ്പോലും ഞങ്ങൾ എന്തു ചെയ്തു. വാർത്ത ഞങ്ങൾ നിഷേധിച്ചു. ഞങ്ങൾ റൈറ്റ് ഏറ്റെടുത്തില്ല. അതേ കേരള കൗമുദിയിൽ പിറ്റേന്നു വന്ന വാർത്ത നിങ്ങൾ വായിക്കണം. മൊബൈൽ ഫോണിലൂടെ സന്ദേശമായി പ്രചരിച്ചതിനെക്കുറിച്ച് പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം ആരംഭിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഡിജിപി. ശ്രീ. രമൺ ശ്രീവാസ്തവയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്. മന്ത്രിയുടെ നിർദ്ദേശപ്രകാരം ശ്രീ. ഡി. പി. അജിത്കുമാർ ഡി.ജി.പി. ചുമതല വഹിക്കുന്ന എ.ഡി.ജി.പി. ശ്രീ. രാജൻ മധേക്കറിനെ നേരിൽ കണ്ട് പരാതി നൽകുകയായിരുന്നു. ഞങ്ങൾക്ക് ഉത്തമമായ ബോധ്യം ഉണ്ടായില്ലെങ്കിൽ പോലും ഞങ്ങൾ ധൈര്യായിട്ട് എടുത്തില്ല. അങ്ങനെ ഒരു കിംവദന്തിയുണ്ടെങ്കിൽ അത് പോലീസ് അന്വേഷിക്കട്ടെയെന്നു കരുതിക്കൊണ്ടുതന്നെയാണ് ഞങ്ങൾ ആ കാര്യം എടുത്തത്. എനിക്ക് ആദ്യമായി പറയാനുള്ള കാര്യം നടന്ന പരീക്ഷയെക്കുറിച്ച് ഒരു പ്രശ്നവുമില്ല. നമ്മൾ ഇല്ലാത്ത കഥകൾ പ്രചരിപ്പിച്ച് അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു എന്നു ഒരു scare സൃഷ്ടിക്കുന്നതിൽ അർത്ഥമില്ല. രണ്ടാമത്തെ കാര്യമെന്നു പറയുന്നത് ഇവിടെ പറഞ്ഞു നാട്ടിലൊക്കെ അങ്ങനെ പ്രചരിച്ചു എന്ന്. നാട്ടിലൊക്കെ പലതും പ്രചരിക്കും. വസ്തുത വസ്തുതയായിട്ട് നമുക്ക് കാണാം. ഇവിടത്തെ പത്രങ്ങളും ജനങ്ങളുമൊക്കെ കണ്ണും കാതും കൂർപ്പിച്ച് നിൽക്കുന്ന ആളുകൾ ഒരു പരാതിയും ഇല്ലാതെ എല്ലാവരും മുക്തകണ്ഠം പ്രശംസിച്ച ഒരു പരീക്ഷയെക്കുറിച്ച് നമ്മൾ ഇപ്പോൾ അത് അങ്ങനെയായിരുന്നു ഇങ്ങനെയായിരുന്നു എന്നു പറയുന്നത് നല്ലൊരു കീഴ്വഴക്കമല്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ നിഷേധിച്ചിട്ടില്ല. ഞാൻ പറയുന്നത് അഭ്യൂഹങ്ങളെ വിശ്വസിക്കരുത് എന്നുമാത്രമാണ്. ഇന്നു രാവിലെ ഞാൻ മീഡിയയോട് സംസാരിച്ചിരുന്നു. കാരണം, രണ്ടു മൂന്നു ദിവസം മുമ്പ് നിങ്ങളെല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും ഒരു വാർത്ത വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

സി.ബി.എസ്.ഇ. പരീക്ഷ ചോർന്നു എന്നു പറഞ്ഞു വേഗായിട്ട് ഒരു പ്രചരണം. അത് രക്ഷിതാക്കളിൽ വലിയ പരിഭ്രാന്തി സൃഷ്ടിച്ചു. അതുപോലൊരു പരിഭ്രാന്തിയുണ്ടാക്കരുത് എന്നേ ഉദ്ദേശിച്ചുള്ളൂ. അതിനുശേഷമാണ് ഈ വാർത്ത വരുന്നത്. വാർത്ത വന്നപ്പോൾ തന്നെ ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഉടൻ തന്നെ ആ വാർത്ത കൊണ്ടുപോയി ചെക്ക് ചെയ്യാൻ വേണ്ടി പറഞ്ഞു. ചെക്ക് ചെയ്ത് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. ബോധ്യപ്പെട്ട ആ നിമിഷം ഞങ്ങൾ നിർത്തി. അതല്ലാതെ പരീക്ഷ എങ്ങനെയെങ്കിലും നടക്കട്ടെ, അതിന്റെ ക്രെഡിബിലിറ്റി തകരാർ വന്നാലോ, ഞങ്ങൾ ചെയ്തത് ശരിയാണെന്നു പറഞ്ഞിട്ട് പിടിച്ചു നിൽക്കാൻ ഉദ്ദേശമുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെയാണ് ആ കാര്യം ഞങ്ങൾ ചെയ്തത്. നിർത്തിവച്ചു. ബാക്കി കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. പിന്നെ അരക്കൊല്ല പരീക്ഷയുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അരക്കൊല്ല പരീക്ഷയുടെ ചോദ്യങ്ങൾ ഞാൻ സഭയിൽ പറഞ്ഞതാണ്. അരക്കൊല്ല പരീക്ഷ നടത്തേണ്ടത് ശരിക്ക് കെ.ഇ.ആർ. പ്രകാരം ഹെഡ്മാസ്റ്റർമാരാണ്. ഈ പ്രാവശ്യം ഒരു മെത്തേഡ് എടുത്തു. നമ്മൾ തന്നെ ഇവിടുന്നു ചോദ്യം തയ്യാറാക്കാൻ കേന്ദ്രീകൃതമായ ചോദ്യം, എന്നിട്ട് നമ്മൾ ചെയ്തത് ഈ ചോദ്യം സി.ഡി.-യിലാക്കിയിട്ട് എല്ലാ ഡി.ഇ.ഒ.-മാർക്കും കൊടുത്തു. പ്രൈവറ്റ് സ്ഥാപനങ്ങൾക്കും കൊടുത്തു. ഈ സി.ഡി.-കൺവെർട്ട് ചെയ്യുന്ന സമയത്ത് ഒരു ചോർച്ച വരാം. സ്വാഭാവികമായ കാര്യമാണ്. അതല്ലാതെ അരക്കൊല്ല പരീക്ഷയിൽ വേറെ കാര്യമില്ല. നമ്മൾ ഇവിടെ നിന്നു തയ്യാറാക്കിയിട്ട് സി.ഡിയിൽ കൊടുത്തിട്ട് അത് കമ്പ്യൂട്ടർ സെന്ററിൽവച്ച് കൺവെർട്ട് ചെയ്യുന്ന സമയത്ത് ഒരു എയ്ഡഡ് മാനേജുമെന്റോ അൺ എയ്ഡഡ് മാനേജുമെന്റോ ചെയ്യുന്ന സമയത്ത് ഒരു ലീക്കേജ് വരാം. അരക്കൊല്ല പരീക്ഷയിൽ അതുണ്ടായിട്ടുണ്ട്. പക്ഷേ മോഡൽ എക്സാമിനേഷൻ ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ ഉണ്ടല്ലോ ? ഒരു പരാതി കേരളത്തിൽ വന്നിട്ടില്ല. അങ്ങനെ ഉണ്ടെങ്കിൽ കാണിക്ക്. അങ്ങ് അവിടെ നിന്നു പറഞ്ഞു. അങ്ങ് തെറ്റിപ്പറഞ്ഞു അരക്കൊല്ല പരീക്ഷ മോഡൽ എക്സാമിനേഷനായിട്ട് പറഞ്ഞു, നിങ്ങളൊക്കെ കേട്ടിട്ടുണ്ടാകും ഇവിടെ നിന്നു ഞാൻ ചോദിച്ചു, ഒരൊറ്റ പരാതിയുണ്ടെങ്കിൽ ദേവകുമാർ കൊണ്ടുവരൂ. ഞാൻ അന്വേഷിക്കാമെന്നു പറഞ്ഞു. ശ്രീ. ദേവകുമാർ ഇന്നുവരെ എന്നെ കണ്ടിട്ടില്ല. ഞാൻ പറയുന്നത്, ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞിട്ട് എന്താണ് കാര്യം ? ഇവിടെ മേഡൽ എക്സാമിനേഷൻ ഞങ്ങൾ നടത്തി. ഏതാണ്ട് 60 ലക്ഷം രൂപ ചെലവാക്കിയിട്ടാണ് ഞങ്ങൾ നടത്തിയത്. മോഡൽ എക്സാമിനേഷന്റെ വാർത്തയിൽ ചോദ്യങ്ങൾ എവിടെയും ചോർന്നതായി ഒരു വരിപോലും പത്രത്തിൽ വന്നിട്ടില്ല. ഒരൊറ്റ ആളുപോലും പരാതി പറഞ്ഞിട്ടില്ല. അതേസമയം ഇപ്പോൾ ഇങ്ങനെ സംഭവിച്ച സാഹചര്യത്തിൽ ഞാൻ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്ന കാര്യം ഇതിനെ രാഷ്ട്രീയവൽക്കരിക്കേണ്ട കാര്യമില്ല. ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുകയാണ്. നടത്തിയ പരീക്ഷ പെർഫക്ടായിട്ട് നടന്നു. ഇപ്പോൾ കുഴപ്പമുള്ളതുകൊണ്ട് നിർത്തിവച്ചു. നാളെയും മറ്റെന്നാളുമുള്ള പരീക്ഷ ഇതിന്റെ വ്യക്തത വന്നതിനുശേഷം ബാക്കിയുള്ള ഡേറ്റ് റീഷെഡ്യൂൾ ചെയ്യുമെന്നു ഞാൻ പറഞ്ഞു, ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുകയാണ്. ഒരു തരിമ്പുപോലും വ്യത്യാസം ഇല്ലാത്ത വിധം കൃത്യമായും ഭംഗിയായും

LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി.-യുടെ ക്രഡിബിലിറ്റി നിലനിർത്തിക്കൊണ്ടുതന്നെ റിഷെഡ്യൂൾ ചെയ്ത് ബാക്കിയുള്ള പരീക്ഷകൾ കണിശമായിട്ടും നടത്തും. നിശ്ചിത സമയത്തു വാലേഷൻ നടക്കും. നിശ്ചിത സമയത്ത് റിസൾട്ട് പ്രഖ്യാപിക്കും. അക്കാര്യത്തിൽ ആർക്കും ഒരു ശങ്കയും വേണ്ട. അന്വേഷണത്തിന്റെ കാര്യം ഡിപ്പാർട്ടുമെന്റായിട്ട് അന്വേഷണം നടക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് അന്വേഷണത്തിനു പുറമേ ഇവിടെ സൂചിപ്പിച്ചതുപോലെ ഗൗരവതരമായ എന്ത് അന്വേഷണം നടത്താനും ഗവൺമെന്റിന് സന്തോഷം മാത്രമാണുള്ളത്. ആ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് കഴിഞ്ഞ ശേഷം പറയുന്നുണ്ട്. കുറ്റക്കാരെ കണ്ടുപിടിക്കണം. ഡോ. ടി. എം. തോമസ് ഐസക് ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ഓർക്കുകയാണ്. വളരെ നല്ലൊരു ആശയമാണ് നമ്മുടെ രാജ്യത്ത് വരുന്നത്. ഈ കാലഘട്ടത്തെ തുടർന്നുവന്ന സമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായി കുട്ടികൾ പരീക്ഷ കഴിഞ്ഞ സമയത്ത് പത്രക്കാരോട് പറഞ്ഞു, ഒരു പത്രം എഴുതി. എഴുതിയിട്ടും എഴുതിയിട്ടും മതിവരുന്നില്ല. ഞാൻ ആ വാക്കാണ് ആലോചിക്കുന്നത്. പരീക്ഷ എളുപ്പമായിരുന്നോ വലുതായിരുന്നോ എന്നല്ല, ഒരു പത്രത്തിൽ എഴുതിയത് എഴുതിയിട്ടും എഴുതിയിട്ടും കുട്ടികൾക്ക് മനസ് മാറുന്നില്ല. വീണ്ടും എഴുതാനുള്ള ആവേശമാണ്. കുട്ടികളുടെ ക്രിയേറ്റിവിറ്റി തട്ടിയുണർത്തിക്കൊണ്ട് പഠിച്ചതിനെക്കാൾ ഉപരി അന്വേഷണത്തിനും കണ്ടെത്താനുമുള്ള അഭിവാഞ്ഛ അവരിൽ ജനിപ്പിച്ചുകൊണ്ടാണ് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇത്രയും ഭംഗിയായി പരീക്ഷ നടന്നുകൊണ്ടിരിക്കുന്നത്. അതിനിടയിൽ ആരാണോ അട്ടിമറിച്ചിട്ടുള്ളത്. അട്ടിമറിക്കാൻ ശ്രമിച്ചത് ആരാണോ, അവരെ ഗവൺമെന്റ് പിടികൂടും. നിങ്ങൾക്ക് സംശയം വേണ്ട. അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരും. ഗവൺമെന്റ് ഇത് ചലഞ്ചായിട്ട് എടുക്കും. ഗവൺമെന്റ് ഭയപ്പെടില്ല. ഗവൺമെന്റ് തുടങ്ങിയത് ഏറ്റവും നല്ലൊരു ആശയമാണ്. ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള ആശയമാണ്. നിങ്ങൾ എല്ലാവരും ഇഷ്ടപ്പെട്ട ആശയമാണ്. അതിൽ മായം ചേർക്കാൻ സാധിക്കുകയില്ല. ഒരു വെല്ലുവിളിയായി എടുത്തുകൊണ്ടുതന്നെ ഇനിയുള്ള പരീക്ഷ ഭംഗിയായി, വൃത്തിയായി കുറ്റമറ്റതായി ഗവൺമെന്റ് നടത്തുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്. ഏത് വിധത്തിലുള്ള അന്വേഷണമാണോ വേണ്ടത് ആ അന്വേഷണത്തിന്റെ കാര്യം മുഖ്യമന്ത്രി സംസാരിക്കും. ഗവൺമെന്റിന് അന്വേഷണത്തിന്റെ കാര്യത്തിൽ ഒന്നും ഒളിച്ചു വയ്ക്കാനില്ല. അന്വേഷിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. കുറ്റക്കാരെ കണ്ടെത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ആ കാര്യത്തിൽ ഗവൺമെന്റിന് നിശ്ചയദാർഢ്യമുണ്ടെന്നുകൂടി ഈ സഭയെ ഞാൻ അറിയിക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷ കുറ്റമറ്റതാക്കി ബാക്കിയുള്ള സബ്ജക്ട് നടത്താൻ ആവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണെന്നു ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച അതീവ ഗുരുതരമായ ഒരു പ്രശ്നമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. ചോദ്യപേപ്പർ ചോർച്ച രണ്ടു ലക്ഷ്യത്തോടുകൂടിയാണ് ഇതിനു മുമ്പൊക്കെ കേരളത്തിൽ നടന്നിട്ടുള്ളത്. ഒന്ന് സ്വന്തക്കാരെയും വേണ്ടപ്പെട്ടവരെയും സഹായിക്കുവാൻ വേണ്ടി. രണ്ടാമത് സാമ്പത്തികമായ നേട്ടത്തിനുവേണ്ടി ചോദ്യം ചോർത്തിയെടുത്ത് അത് വിറ്റ് കാശാക്കുക. ഇപ്രാവശ്യത്തെ ചോദ്യ കടലാസ് ചോർച്ച ഈ രണ്ടിൽനിന്നും വ്യത്യസ്തമായിട്ടുള്ളതാണ് ഡോ. ടി. എം. തോമസ് ഐസക് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അത് പറഞ്ഞു. പരീക്ഷയെ അട്ടിമറിക്കുവാൻ വേണ്ടിയാണ്. ആരെയും സഹായിക്കുവാൻ ആയിരുന്നില്ല. പണം ഉണ്ടാക്കുവാൻ വേണ്ടിയാണെന്നു തോന്നുന്നില്ല. കാരണം ഇതിന് പരമാവധി പബ്ളിസിറ്റി കൊടുക്കുവാൻ വേണ്ടിയാണ് ഈ ചോർച്ച നടത്തിയവർ ശ്രമിച്ചത്. ഡോ. തോമസ് ഐസക്കും അതിവിടെ വ്യക്തമാക്കി. ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുകയാണ്. അട്ടിമറിക്കാരെ കണ്ടുപിടിക്കണം. അതിന് ഇപ്പോൾ ജുഡീഷ്യൽ അന്വേഷണംകൊണ്ട് സാധിക്കുമോ? ജുഡീഷ്യൽ അന്വേഷണം വേണമെങ്കിൽ നമുക്ക് ഇത് കഴിഞ്ഞതിനു ശേഷം ആലോചിക്കാം. ആറുലക്ഷം വിദ്യാർത്ഥികളെ വട്ടം കറക്കിയവരുടെ കൈകളിൽ കയ്യാമം വയ്ക്കണം. അതിനു വേണ്ടിയിട്ടുള്ള നടപടികളാണ് വേണ്ടത്. അവരെ രംഗത്ത് കൊണ്ടുവരണം. അവർ ആരായിരുന്നാലും എത്ര ഉന്നതരായിരുന്നാലും എത്ര ശക്തന്മാരായിരുന്നാലും ഈ അട്ടിമറിക്കു പിന്നിൽ പ്രവർത്തിച്ചവരെ രംഗത്തു കൊണ്ടുവരണം. അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. അവരുടെ കൈകളിൽ കയ്യാമം വച്ചതിനുശേഷം നമുക്ക് ഈ ചോദ്യ പേപ്പർ കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ വേണമെന്നതിനെക്കുറിച്ച് ആലോചിക്കാം. പ്രാഥമിക അന്വേഷണത്തിൽ ഇതൊരു അട്ടിമറി എന്നാണ് വന്നിരിക്കുന്നത്. അവസാനരൂപം പറയാറായിട്ടില്ല. ഏതായാലും ഇതിന്റെ പിന്നിലുള്ള കുറ്റക്കാർ ആരായിരുന്നാലും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. അവരുടെ കൈകളിൽ കയ്യാമം വീഴണം. അതു കഴിഞ്ഞ് മറ്റു കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം. ഇവിടെ വിദ്യാഭ്യാസ വകുപ്പിൽനിന്നും വന്ന കത്തിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് ഐ.ജി. ശ്രീ. മഹേഷ്കുമാർ സിംഗ്ളയുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് പ്രത്യേക അന്വേഷണ വിഭാഗത്തെ നിശ്ചയിച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് ഐജി. ശ്രീ. മഹേഷ്കുമാർ സിംഗ്ളയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിനെ ഗവൺമെന്റ് നിയോഗിച്ചു കഴിഞ്ഞു. അവരുടെ നേതൃത്വത്തിലുള്ള സംഘം ഇന്നു മുതൽ അന്വേഷണം ആരംഭിക്കും. ഇതിന്റെ കുറ്റക്കാരെ കണ്ടുപിടിക്കുവാൻ എല്ലാ ഭാഗത്തു നിന്നുമുള്ള സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതി വിശേഷം നിലവിലില്ലെന്നു കാണുന്നതിനാൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

ഡോ. ടി എം. തോമസ് ഐസക് : സർ, ഞങ്ങൾ രണ്ടു കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ഒന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ വീഴ്ചയുടെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് സ്ഥാനം ഒഴിയണം. രണ്ട് ഈ അട്ടിമറി നടത്തിയവരെ കണ്ടുപിടിക്കണം. അതിനു കൂട്ടു നിന്നിട്ടുള്ളത്, സംശയം വേണ്ട തുടർച്ചയായിട്ട് ഉദാസീനനയം കൈക്കൊണ്ട വിദ്യാഭ്യാസ മന്ത്രിക്ക് അദ്ദേഹത്തിന്റെ ഓഫീസിലെ, പരീക്ഷാ ഭവനിലെ ആളുകൾക്ക് അവിടെ നടക്കുന്ന ക്രമക്കേടുകളിൽ പങ്കുണ്ട്. ഇത് ഉദ്യോഗസ്ഥന്മാരുടെ, പോലീസുകാരുടെ അന്വേഷണത്തിൽ തെളിയുന്നതല്ല. അതുകൊണ്ടാണ് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള അന്വേഷണമില്ലാതെ ഇവിടത്തെ ചർച്ചകളിൽ സഹകരിക്കുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : അവതരണാനുമതി നിഷേധിച്ചതു കൊണ്ടാണ് സംസാരിക്കുന്നത്. ചർച്ച ചെയ്യാൻ തയ്യാറാകുകയാണെങ്കിൽ .....(ബഹളം)..... ചർച്ച ചെയ്യാൻ തയ്യാറാകുമോ?..... (ബഹളം) .....കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രമക്കേടിനെ തുടർന്ന് പരീക്ഷ മാറ്റി വയ്ക്കേണ്ടി വന്നിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. എസ്.എസ്.എൽ.സി. പരീക്ഷ ഉണ്ടായതിനു ശേഷം ആദ്യമായിട്ടാണ് ക്രമക്കേടുകളെ തുടർന്ന് എസ്.എസ്.എൽ.സി. പരീക്ഷ മാറ്റിവയ്ക്കേണ്ടി വന്നിരിക്കുന്നത്. എസ്എസ്എൽസി. പരീക്ഷയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന യാതൊന്നും ഇതിൽ ഉയർന്നു വന്നിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുമ്പോൾ പറഞ്ഞു. അത് ഈ സഭയേയും കേരളത്തിലെ ജനങ്ങളേയും അവഹേളിക്കുന്നതിന് തുല്യമാണ്. എസ്.എസ്.എൽ.സി. പരീക്ഷ ചോദ്യപേപ്പർ ഏതു മാർക്കറ്റിലും കിട്ടാവുന്ന സ്ഥിതിയായി. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനു ശേഷം എല്ലാം കച്ചവടവത്കരിക്കുക എന്ന സമീപനമാണ് സ്വീകരിച്ചത്. കേരളത്തിന്റെ സകല മേഖലയിലും കച്ചവടവത്കരണം നടപ്പിലാക്കപ്പെടുകയാണ്. ഇവിടെ ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്നുവരുകയും അത് മാർക്കറ്റിൽ ഇഷ്ടംപോലെ കച്ചവടം ചെയ്യപ്പെടുകയും ചെയ്തു. ചോദ്യ പേപ്പറിന് ആദ്യം പറഞ്ഞത് ആയിരം രൂപയാണ്. പിന്നീട് അത് അഞ്ഞൂറു രൂപയായി മാറി. പിന്നെ അത് നൂറ് രൂപയായി മാറി. പിന്നീട് അത് അമ്പത് രൂപയായി. ഇനി ഒരു രൂപയ്ക്കു പോലും എസ്.എസ്.എൽ.സി. ചോദ്യപേപ്പറുകൾ കേരളത്തിന്റെ മാർക്കറ്റിൽ കിട്ടുമെന്നുള്ളത് നിർഭാഗ്യകരമായിട്ടുള്ള കാര്യമാണ്. ഇതേക്കുറിച്ച് ചർച്ച ചെയ്യണ്ടേ? ആറ് ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയുമെല്ലാംതന്നെ ബാധിക്കുന്ന ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്യുകയില്ല എന്നുള്ള വാശി ഉപേക്ഷിച്ചുകൊണ്ട് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇപ്പോൾ എസ്എസ്എൽസി. പരീക്ഷാ ചോദ്യപേപ്പറാണ് ചോർന്നത്. നാളെ യൂണിവേഴ്സിറ്റി പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളെല്ലാം ചോരാൻ പോകുകയാണ്. ഇന്ത്യയിൽ പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോരും. അതുപോലെ മെഡിക്കൽ പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോരും. എന്തും കച്ചവടത്തിലൂടെ വാങ്ങിയെടുക്കുവാൻ കഴിയുന്ന ഒരു സാമ്പത്തിക അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക എന്നുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നയമാണ്. എല്ലാം കച്ചവടവത്കരിക്കുകയാണ്. ആറു ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും അതുപോലെതന്നെ നമ്മുടെ കേരളത്തിന്റെയും ആശങ്കയാണ് ഇവിടെ പ്രതിഫലിക്കുന്നത്. ഇക്കാര്യങ്ങൾ ഈ സഭയിൽ അല്ലാതെ വേറെ എവിടെയാണ് ചർച്ച ചെയ്യുക. ആ കാര്യങ്ങൾ ചർച്ച ചെയ്യാൻ വേണ്ടി സന്നദ്ധമാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം പരീക്ഷാ ഭവനിലെ നിരവധി ക്രമക്കേടുകളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ഉയർന്നു വരികയുണ്ടായി. ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താനോ അത് ഇല്ലാതെയാക്കുവാനോ ഉള്ള നടപടി ഗവൺമെന്റ് സ്വീകരിക്കാത്തതു കൊണ്ടാണ് കുത്തഴിഞ്ഞ അവസ്ഥയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പരീക്ഷയുടെ നടത്തിപ്പുകളെല്ലാം ചേർന്നത്. താല്ക്കാലിക ജീവനക്കാരെ വച്ചുകൊണ്ടാണ് പരീക്ഷകളെല്ലാം നടത്തുന്നത്. അവർക്ക് യാതൊരു കമിറ്റ്മെന്റുമില്ല. ഇഷ്ടം പോലെ പൈസ വാങ്ങിക്കുക എന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. മന്ത്രി എന്തു പറഞ്ഞാലും അവിടെ നടക്കുന്നത്, പൈസ വാങ്ങിക്കൊണ്ട് എന്തു തോന്ന്യാസവും ചെയ്യുക എന്നുള്ളതാണ്. കുത്തഴിഞ്ഞ രീതിയിലാണ് അവിടത്തെ പരീക്ഷാ നടത്തിപ്പ് അതെല്ലാം കണ്ടില്ല എന്നു നടിക്കുകയും അതെല്ലാം പൂഴ്ത്തിവയ്ക്കുകയും ചെയ്യുന്ന സമീപനം സ്വീകരിച്ചാൽ ഇതിനേക്കാൾ ഗുരുതരമായ അവസ്ഥ നമ്മുടെ പരീക്ഷാ നടത്തിപ്പിൽ ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഈ കാര്യങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുകയും സഭാ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു, ഈ ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് രാജിവയ്ക്കാൻ തയ്യാറാകണമെന്ന് അതോടൊപ്പം തന്നെ ഇതുസംബന്ധിച്ച് സമഗ്രമായിട്ടുള്ള ഒരു ജുഡീഷ്യൽ അന്വേഷണം നടത്താനും തയ്യാറാകണമെന്ന്. അത് നമ്മുടെ കേരളത്തിന്റെ ഭാവിയിൽ ഏറ്റവും ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ കേരളത്തിൽ ഇന്നും ഉയർന്നു വന്നിരിക്കുന്ന ഈ ആശങ്ക, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും നമ്മുടെ സമൂഹത്തിലും ഉയർന്നുവന്നിരിക്കുന്ന ഈ ആശങ്ക ദൂരീകരിക്കുവാൻ ഏറ്റവും ശരിയായ രീതി ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മന്ത്രി രാജിവയ്ക്കുകയും ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും ചെയ്യുക എന്നുള്ളതാണ്. ഇതിനു തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാട്, ഏറ്റവും ഗുരുതരമായ അവസ്ഥയാണ് ഇതെന്നു നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി പോലും അംഗീകരിച്ച ഈ കാര്യത്തെ സംബന്ധിച്ച് സമഗ്രമായിട്ടുള്ള അന്വേഷണം നടത്താൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഈ സഭയിൽ നിന്നും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാധാകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. എസ്. സുപാൽ: സർ, തികഞ്ഞ പ്രതിഷേധത്തോടും ഉത്കണ്ഠയോടും കൂടിയാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ രക്ഷിക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ പ്രതിപക്ഷം ഇവിടെ ഉന്നയിച്ചതുപോലെ ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകണം. അതുപോലെതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കുവാൻ തയ്യാറാകണം. അങ്ങേക്ക് ഹൃദയമുണ്ടെങ്കിൽ അങ്ങ് രാജിവായിക്കുവാൻ തയ്യാറാകണം. ഇത്ര ഗുരുതരമായ ആരോപണം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ മുമ്പ് ഉണ്ടായിട്ടുണ്ടോ? ചോദ്യപേപ്പർ മുമ്പ് ചോർന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കെട്ടുമാറി പൊട്ടിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഉണ്ടായി. പരീക്ഷ മാറ്റിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ചോദ്യപേപ്പർ ചോർന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നത്. ഇതിന്റെ ഉത്തരവാദി ഗവൺമെന്റ് അല്ല? ഗവൺമെന്റ് അല്ല ഇത്തരം ഒരു സാഹചര്യത്തിന് അവസരമൊരുക്കിയത്. ഇത് തികച്ചും അപമാനകരമായിട്ടുള്ള കാര്യമാണ്. ഇത് ആക്ഷേപകരമായിട്ടുള്ള കാര്യമാണ്. സർക്കാരിന്റെ നിസംഗതയും അനാസ്ഥയുമാണ് ഇത്തരം ഒരു സാഹചര്യം ഈ പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നതിന് ഇടയാക്കിയിട്ടുള്ളത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ദേഹം ഈ സഭയിൽ തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി ഒരു കാര്യം പറയുകയുണ്ടായി. എസ്എസ്എൽസി പരീക്ഷ മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിൽ തികച്ചും മെച്ചപ്പെട്ട നിലയിൽ നടത്തും. അതുപോലെതന്നെ ഡിപിഐ, അദ്ദേഹത്തിന്റെ ഇന്റർവ്യൂകൾ നമുക്ക് എല്ലാ ചാനലുകളിലും കാണാമായിരുന്നു. അദ്ദേഹം കുറച്ചു ദിവസങ്ങളായി ചാനലുകളിലായിരുന്നു. എന്താണ് അവിടെ ഉണ്ടായത്? ഈ പരീക്ഷ നിങ്ങൾ പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ പറഞ്ഞതുപോലെ ഈ പരീക്ഷ സുതാര്യമായി നടത്താൻ കഴിഞ്ഞില്ല എന്നു മാത്രമല്ല ചരിത്രത്തിലാദ്യമായി ഏറ്റവും മോശമായ നിലയിലേക്ക് എസ്.എസ്.എൽ.സി. പരീക്ഷ മാറ്റുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്.

ഇവിടെ മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. അത് ഒരു ഉദാഹരണമായി നിങ്ങൾക്ക് എടുക്കാമായിരുന്നു. അത് നിങ്ങൾ ഗൗരവമായിട്ടെടുത്തില്ല. അതുപോലെ ഐ.ടി. പരീക്ഷയിൽ ക്രമക്കേട് നടന്നു എന്നുള്ള വിമർശനങ്ങൾ ഉണ്ടായി. ഐ.ടി. പരീക്ഷ നടത്തിയ സോഫ്ട് വെയറുകൾ എല്ലാം തന്നെ തകരാറിലായിരുന്നു എന്നുള്ള റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തു നിന്നും വന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് തികച്ചും നിസ്സംഗമായ സമീപനമാണ് സ്വീകരിച്ചത്. ഇവിടെ എസ്.എസ്.എൽ.സി. തിയറി പരീക്ഷ തുടങ്ങിയ ദിവസം മുതൽ തന്നെ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് വാർത്തകൾ വന്നുകൊണ്ടിരുന്നു. മൊബൈൽ ഫോണുകളിൽ എസ്.എം.എസ്. സന്ദേശം എന്നുള്ള തരത്തിൽ കേരളത്തിലുടനീളം പ്രചരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് ഇതുവരെ നടത്തിയ പരീക്ഷകളിൽ യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല എന്നാണ്. ഇനിയുള്ള പരീക്ഷകളിലെങ്കിലും കുഴപ്പമുണ്ടോ എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി പരീക്ഷ മാറ്റിവയ്ക്കുന്നു എന്നാണ് പറഞ്ഞത്. അനുഭവങ്ങൾ തെളിയിക്കുന്നത് ഇതുവരെ നടന്ന പരീക്ഷകളിലും ക്രമക്കേട് ഉണ്ടായിട്ടുണ്ടെന്നാണ്. മലയാള മനോരമ തന്നെ പറയുന്നു. എസ്.എസ്.എൽ.സി. ചോദ്യം ചോർന്നു. ഇന്നത്തെ പരീക്ഷ മാറ്റി. കണക്ക്, ചരിത്രം, ഇംഗ്ലീഷ് രണ്ടാം പേപ്പർ, ഹിന്ദി പരീക്ഷകളും സംശയത്തിന്റെ നിഴലിൽ. എന്നുപറഞ്ഞാൽ കഴിഞ്ഞ പരീക്ഷകളിലും ഇപ്പോഴുള്ള പരീക്ഷകളിലും സംശയമുണ്ട്. അതുകൊണ്ട് ഇത് നിസ്സാരമായി കണക്കാക്കേണ്ട ഒരു കാര്യമാണോ? ഈ സംഭവവുമായി ബന്ധപ്പെട്ട് ഹെഡ്മാസ്റ്റർമാരെ ചോദ്യപേപ്പറുകളുമായി ഡി.ഇ.ഒ. ഓഫീസിൽ എത്താൻ പറഞ്ഞിരിക്കുകയാണ്. എന്ത് നടപടി അതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയും? കലാകൗമുദിയുടെ ചീഫ് റിപ്പോർട്ടർ ശ്രീ. രാജേഷിനാണ് ചോദ്യപേപ്പർ കിട്ടുന്നത്. ആ ചോദ്യപേപ്പർ വാർത്തയാകാതെ കേരള കൗമുദി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർക്ക് കൈമാറുമായിരുന്നു. അങ്ങേക്ക് ആത്മാർത്ഥതയോടും തികഞ്ഞ സത്യസന്ധതയോടും കൂടി ഗവൺമെന്റ് സ്വീകരിച്ച നടപടിയെ സംബന്ധിച്ച് പറയാൻ കഴിയുമോ? ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മാദ്ധ്യമങ്ങൾക്കു കിട്ടിയ ചോദ്യപേപ്പറാണ് അങ്ങേക്ക് കിട്ടിയത്. അതുകൊണ്ടാണ് നടപടി സ്വീകരിക്കാൻ നിങ്ങൾ നിർബന്ധിതരായത്. കേവലം ഒരന്വേഷണം കൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല. പ്യൂണിനെയോ ക്ലാർക്കിനെയോ ബലികൊടുത്തുകൊണ്ട് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്ന നിങ്ങളുടെ ശ്രമം അപലപനീയമാണ്. ഇതിൽ ഉന്നതരായവർക്ക് പങ്കുണ്ടോ എന്നുള്ള സംശയമുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകാത്തത്. ചോദ്യപേപ്പർ ലീഗിന്റെ ഓഫീസിൽ കണ്ടതുമായി ബന്ധപ്പെട്ട വാർത്തകൾ നേരത്തേ വന്നിരുന്നു. വിദ്യാഭ്യാസ മേഖല ഇന്ന് കുത്തഴിഞ്ഞ നിലയിലാണ്. ഇന്ന് വിദ്യാഭ്യാസ കച്ചവടമാണ് നടക്കുന്നത്. കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ ലോബിയെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എല്ലാ ഒത്താശകളും ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നു. അതിന്റെ പരിണിതഫലമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ദിവസങ്ങൾക്കു മുമ്പാണ് തിരുവനന്തപുരത്തെ ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒരു ബാച്ചിലെ നാൽപ്പത് വിദ്യാർത്ഥികളെ കോപ്പിയടിക്ക് പിടിച്ചത്. വിദ്യാഭ്യാസ രംഗത്ത് തികഞ്ഞ അരാജകത്വമാണ് നിലനിൽക്കുന്നത്. അതിൽ ഗവൺമെന്റ് നിസ്സംഗമായ സമീപനം സ്വീകരിക്കുന്നത് ഉചിതമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ എൻക്വയറി പ്രഖ്യാപനത്തിന് ഗവൺമെന്റ് തയ്യാറാകണം. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തോട് ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങ് അത് വഴിക്കാൻ തയ്യാറാകണം. ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. എസ്. സുപാലും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. കെ. നാണു: സർ, പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുണ്ടായ നടപടികളുടെ ഭാഗമായി ഒരു ചർച്ച ഉണ്ടായതല്ല. ഇത് ഭരണ പ്രതിപക്ഷം എന്നുള്ള നിലയിൽ വേർതിരിച്ച് കൈകാര്യം ചെയ്യേണ്ട ഗൗരവം കുറഞ്ഞ ഒരു പ്രശ്നമല്ല. ഡോ. തോമസ് ഐസക് വളരെ മാന്യമായി കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഗൗരവമായ കാര്യം ഉന്നയിച്ചുകൊണ്ടു തന്നെയാണ് സംസാരിച്ചത്. നമ്മുടെ സംസ്ഥാനത്തിലുള്ളത് പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി മാത്രമുള്ളവരാണ്. ചില കേന്ദ്രങ്ങൾ ഇതുമായി ബന്ധപ്പെട്ട് രംഗത്ത് വന്നിട്ടുണ്ടെന്ന് എല്ലാവരും സംശയിക്കുന്നു. അങ്ങനെയുള്ള ഒരു പ്രശ്നം ഉണ്ടാകുമ്പോൾ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ മാത്രം ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണോ? സഭ നടക്കുന്ന ഈ അവസരത്തിൽ ഉണ്ടായ പ്രശ്നത്തോട് പ്രതികരിച്ചുവെന്ന് ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ധരിക്കുമോ? ഞങ്ങളെല്ലാവരും കരുതിയത് ഇതിന്റെ ഗൗരവം മനസ്സിലാക്കി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്നദ്ധനാകുമെന്നായിരുന്നു. അതാണ് വേണ്ടത്. ആരോടെങ്കിലും ഒരു പ്രത്യേക ആറ്റിറ്റ്യൂഡ് കാണിക്കുന്ന ഒരു പത്രമെന്നുള്ള രീതിയിലല്ലാതെ തന്നെ സകല പത്രങ്ങളും ഇതിന്റെ ഗൗരവം മനസ്സിലാക്കി റിപ്പോർട്ട് ചെയ്തു. കേരളത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ട് ആ പ്രശ്നം പരിഹരിക്കാൻ ഉദ്യോഗസ്ഥ നിലവാരത്തിലുള്ള അന്വേഷണം നടത്താമെന്നു മാത്രം പറഞ്ഞുകൊണ്ട് പരിഹരിക്കാനുള്ള ഒരു പ്രശ്നമല്ല. അങ്ങോട്ടുമിങ്ങോട്ടും മുദ്രാവാക്യം വിളിക്കേണ്ട ഒരു പ്രശ്നമായി ഇതിനെ താഴ്ത്തിയാൽ ഈ വസ്തുതകൾ കാണുന്ന ജനങ്ങളുടെ നിലപാട് എന്തായിരിക്കും? ഇന്നല്ലെങ്കിൽ നാളെ മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണത്തിന് സന്നദ്ധനാകേണ്ടതായി വരും. കഴിഞ്ഞ കാലങ്ങളിലുണ്ടായ സംഭവങ്ങളിലെല്ലാം ഇതുപോലെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതിന് സന്നദ്ധനാകേണ്ടി വന്നിട്ടുണ്ട്. ഗവൺമെന്റിന്റെ മാന്യത സംരക്ഷിക്കാൻ ഇതിനേക്കാൾ ഫലപ്രദമായ നടപടി എന്താണ് പ്രഖ്യാപിക്കാനുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ചോദ്യക്കടലാസ് ചോർച്ചയും അതിനെ അട്ടിമറിച്ചവർക്കും എതിരെ കേസും അന്വേഷണവും വേണ്ടെന്നാണോ അങ്ങ് പറയുന്നത്. അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരണം. അവരുടെ കൈകളിൽ കയ്യാമം വീഴണം. അതു കഴിഞ്ഞ് എന്തുവേണമെന്ന് ആലോചിക്കാം.

ശ്രീ. സി. കെ. നാണു: ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്ന അവസരത്തിൽ മറ്റുള്ള കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും അവരുടെ പേരിൽ നടപടികൾ സ്വീകരിക്കാനുമുള്ള അധികാരം ഗവൺമെന്റിന് നഷ്ടപ്പെടുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിശോധിക്കാൻ ജനാധിപത്യപരമായ സ്വതന്ത്ര ഏജൻസി നമ്മുടെ നാട്ടിൽ വേറെ ഏതാണുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് അന്വേഷിക്കണമെന്നാണ് ഞാൻ വളരെ വിനീതമായി പറയുന്നത്. അത്തരത്തിലുള്ള ഒരു മറുപടിയാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. അതുണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ.നാണുവും അദ്ദേഹത്തിന്റെ ചാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ആറ് ലക്ഷത്തിൽപ്പരം വിദ്യാർത്ഥികളേയും രക്ഷകർത്താക്കളെയും ആശങ്കയിൽ ആക്കിയ ഒരു സംഭവമാണ്. അതുകൊണ്ട് തന്നെയാണ് ഇന്ന് വിദ്യാർത്ഥി സമൂഹവും രക്ഷകർത്താക്കളും വളരെ സംശയത്തോടുകൂടിയാണ് ഈ പ്രശ്നത്തെ വിലയിരുത്തുക. ആറ് ലക്ഷം വിദ്യാർത്ഥികളെ മാത്രമല്ല നമ്മുടെ കേരളത്തിൽ ആകമാനമുള്ള വിദ്യാർത്ഥി സമൂഹവും രക്ഷകർത്താക്കളും ഈ പ്രശ്നത്തെ എങ്ങനെ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നു എന്നുള്ളത് നോക്കിക്കൊണ്ടുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെപറഞ്ഞു അട്ടിമറിക്കാൻ ശ്രമിച്ചുവെന്ന് അങ്ങനെ അട്ടിമറിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചുവെന്ന് ഉത്തമബോധ്യമുണ്ടെങ്കിൽ എന്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്താൻ മടിക്കുന്നു. അത് കയ്യാമം വച്ചതിനുശേഷം മാത്രം പിന്നീട് ആവശ്യമെന്നു കണ്ടാൽ, രണ്ടും ആകാമല്ലോ. ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ കയ്യാമം വയ്ക്കുന്നതിന് എന്താണ് തടസ്സം? വിദ്യാർത്ഥി സമൂഹത്തിന്റെയും ജനങ്ങളുടെയും ആശങ്കയ്ക്ക് പരിഹാരം കാണാൻ ഉതകുന്ന അടിയന്തര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

(വാക്കൗട്ട് നടത്തിയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരിച്ചെത്തി സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു).....(ബഹളം).....

III ധനകാര്യം

2005-06 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയുടേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തേക്കുള്ള ചെലവുകൾ പൂർത്തീകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തേക്കുള്ള ചെലവുകൾ പൂർത്തീകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly